### സോളിഡാരിറ്റി തൃശൂർ ജില്ലാ സമ്മേളനം

# നവസാമ്രാജ്യത്വത്തിനെതിരെ രാജ്യസ്നേഹികളുടെ ഐക്യനിര അനിവാര്യം – ബൻവാരിലാൽ ശർമ

**ചാവക്കാട്:** രാജ്യം പുതിയൊരു കോളനിവത്കരണത്തിന് ഇരയാവുകയാണെന്നും നവ കൊളോണിയൽ ഭീകരതക്കെതിരെ രാജ്യസ്നേഹികൾ ഒന്നിച്ചണിനിരക്കണമെന്നും പ്രമുഖ മനുഷ്യാവകാശ പ്രവർത്തകനും രാജസ്ഥാനിലെ ആസാദി ബച്ചാവോ ആന്ദോളൻ ചെയർമാനുമായ പ്രഫ. ബൻവാരിലാൽ ശർമ പറഞ്ഞു. സോളിഡാരിറ്റി തൃശൂർ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി ചാവക്കാട് നടന്ന പൊതു സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വികസനത്തിന്റെ പേരിൽ ജനങ്ങൾ വ്യാപകമായി കുടിയിറക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിലനിൽപിനുവേണ്ടി പൊരുതുകയാണ് ഭൂരിഭാഗം ജനങ്ങളും. പഴയ കൊളോണിയൽ ശക്തികൾ കോർപറേറ്റ് ഭീമൻമാരായി രംഗപ്രവേശം ചെയ്തിരിക്കുന്നു. സാമ്പത്തിക സേവന മേഖലകളിൽ തുടങ്ങി ഇപ്പോൾ ചില്ലറ വ്യാപാര മേഖലയിലും അവർ കൈവെച്ചിരിക്കുന്നു. ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി പിടിച്ചെടുത്താണ് പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിക്കുന്നത്. സാമ്പത്തിക അസമത്വം സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നു. സാമൂഹിക ബോധമുള്ള എല്ലാവരും നവസാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ ഒന്നിച്ചണിനിരക്കണം. –അദ്ദേഹം ആവശ്യപ്പെട്ടു.

ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. വിലക്കയറ്റം നിയന്ത്രിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കാർഷിക ഉദ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിച്ച് വിലക്കയറ്റം തടയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വർഗീയതയെയും ഫാഷിസത്തെയും ചെറുക്കാൻ സൗഹൃദത്തിന്റെ മഹാപ്രളയം തീർക്കണമെന്നും അമീർ പറഞ്ഞു. വർഗീയ ശക്തികൾ പരസ്പരം ഊർജം പകരുകയാണ്. വർഗീയ ശക്തികളെ ഒറ്റപ്പെടുത്തുകയും ബഹിഷ്കരിക്കുകയും ചെയ്യണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുൽഹമീദ് വാണിയമ്പലം അധ്യക്ഷത വഹിച്ചു. സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറി പി. മുജീബുർറഹ്മാൻ, ജമാഅത്തെ ഇസ്‌ലാമി അസി. അമീർ എം. ഐ അബ്ദുൽഅസീസ് സംസാരിച്ചു. സോളിഡാരിറ്റി സംസ്ഥാനസമിതിയംഗം എം. സാജിദ് ബൻവാരിലാൽ ശർമയുടെ പ്രസംഗം പരിഭാഷപ്പെടുത്തി.

ജനജീവിതം ദുസ്സഹമാക്കുന്ന വിധം നിത്യോപയോഗ സാധനങ്ങളുടെ വില വർധിക്കുന്നതിനു പിന്നിൽ സാമ്രാജ്യത്വ ശക്തികളാണെന്നും അവയെ തിരിച്ചറിഞ്ഞ് ബഹിഷ്കരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. പൂഴ്ത്തിവെപ്പുകാരിൽനിന്ന് സാധനങ്ങൾ പിടിച്ചെടുത്ത് മാർക്കറ്റിൽ എത്തിക്കാൻ നടപടി സ്വീകരിക്കണം. പൊതുവിതരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തണം. വി.എ ഫസ്‌ലുർറഹ്മാൻ പ്രമേയം അവതരിപ്പിച്ചു. തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വർധിച്ചുവരുന്ന വർഗീയ-രാഷ്ട്രീയ കൊലപാതകങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നവരെ മതമോ രാഷ്ട്രീയമോ പരിഗണിക്കാതെ ബഹിഷ്കരിക്കണമെന്ന് മറ്റൊരു പ്രമേയത്തിൽ ആവശ്യപ്പെട്ടു. കെ.എം ഷാജു പ്രമേയാവതരണം നടത്തി. ജനങ്ങൾക്കും പരിസ്ഥിതിക്കും ദോഷകരമായ അതിരപ്പിള്ളി പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെടുന്ന പ്രമേയം കെ.എ സ്വദ്റുദ്ദീൻ അവതരിപ്പിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിൽ ആയിരങ്ങൾ അണിനിരന്നു. നീതിനിഷേധിക്കുന്നവർക്ക് താക്കീതും പോരാളികൾക്ക് ഐക്യദാർഢ്യവുമായി തീരദേശപട്ടണം യുവജനസാഗരമായി. സാമ്രാജ്യത്വ വിരോധവും മുതലാളിത്തത്തോടുള്ള വിയോജിപ്പും മാനവികതയോടും നീതിയോടുമുള്ള ഐക്യദാർഢ്യവും പ്രഖ്യാപിച്ച പ്രകടനത്തിൽ ഒട്ടേറെ നിശ്ചല ദൃശ്യങ്ങളും ഒരുക്കിയിരുന്നു. അണുബോംബിന്മേൽ അടയിരിക്കുന്ന സാമ്രാജ്യത്വ കഴുകൻ, മാനവികതയുടെ അറവുശാല, മഅ്ദനി-നീതി നിഷേധത്തിന്റെ ഒമ്പതുവർഷങ്ങൾ, എ.ഡി.ബി വിധേയത്വം, അതിരപ്പിള്ളി തുടങ്ങിയ ഫ്ളോട്ടുകൾ ശ്രദ്ധേയമായി.

അതിരപ്പിള്ളിയിൽനിന്ന് ആദിവാസികളടക്കം വലിയൊരു സംഘം പ്രകടനത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ച് നഗരമധ്യത്തിൽനിന്ന് മുദ്രാവാക്യങ്ങൾ മുഴക്കിയത് ശ്രദ്ധേയമായി.

ഗുരുവായൂർ ബസ് സ്റ്റാന്റ് പരിസരത്തുനിന്നാരംഭിച്ച പ്രകടനം പടിഞ്ഞാറെനട, മുതുവട്ടൂർ വഴി ചാവക്കാട് ബസ് സ്റ്റാന്റിനു സമീപം തയാറാക്കിയ സമ്മേളന നഗരിയിൽ സമാപിച്ചു. ജില്ലാ പ്രസിഡന്റ്, എം.കെ അസ്‌ലം, സെക്രട്ടറി പി. അബ്ദുൽ ജലീൽ, ജില്ലാ വൈസ് പ്രസിഡന്റ് കെ.എ സ്വദ്റുദ്ദീൻ, വി.എ ഫസ്‌ലുർറഹ്മാൻ, ആർ.എസ് ആശിഖ് എന്നിവർ നേതൃത്വം നൽകി.